**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5993** **25-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളിലെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങളിലെ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ? | (എ) | സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സഹകരണ രംഗത്തെ സുതാര്യതയും വിശ്വാസവും ഊട്ടി ഉറപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതും ലക്ഷ്യമിട്ട് സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകുകയും പൈലറ്റ് പദ്ധതിയായി പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ആരംഭിക്കുകയും ചെയ്തു. തുടർന്ന് എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് പൈലറ്റ് പദ്ധതിയായി നടപ്പിലാക്കിയിട്ടുണ്ട്.<br>2. ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (A.C.S.T.I.)-ൽ വച്ച് 2022 ഒക്ടോബർ മുതൽ ഡിസംബർ വരെ പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി. ആയതിന്റെ രണ്ടാം ഘട്ടപരിശീലനം 2025 ജനുവരി 15 ന് ആരംഭിച്ചിട്ടുണ്ട്. സംഘത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങളും ഇടപാടുകളും മനസ്സിലാക്കിയുള്ള ഓഡിറ്റിന് വേണ്ടതായ ഫലപ്രദമായ പരിശീലനമാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.<br>3. ഇതിനു പുറമേ ജില്ലാതലത്തിൽ ഓഡിറ്റുമായി ബന്ധപ്പെട്ട് ഓരോ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മാസ്റ്റേഴ്സ് ട്രെയിനർമാരെ നിയോഗിക്കുകയും ഇപ്രകാരം നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി ഓഡിറ്റിംഗിന്റെ വിവിധ വിഷയങ്ങളെ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.<br>4. അതോടൊപ്പം സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് സമ്പ്രദായം പൊതുവായ അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് (G.A.A.P.) യിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാന്വൽ ലഭ്യമാക്കുന്നത് അത്യന്താപേക്ഷിതമാണെന്ന് കാണുന്നതിനാൽ അക്കൗണ്ടിംഗ് രീതി മാറ്റുന്നതിന്റെ ഭാഗമായി ഓഡിറ്റിംഗ് മാന്വൽ, ഓഡിറ്റ് നോട്ട്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയിലും പരിഷ്കരണങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>5. വസ്തു ഈടുകളുടെ സാംമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ഓഡിറ്റർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.<br>6. ഓഡിറ്റ് MATRIX-ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നല്കുകയും, ഓഡിറ്റ് MATRIX-ൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെടുത്തി ഓഡിറ്റ് MATRIX ഓഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>7. കൂടാതെ എൻട്രി മീറ്റിംഗ്, എക്സിറ്റ് മീറ്റിംഗ്, ഡ്രാഫ്റ്റ് ഓഡിറ്റ് മെമോ, Compliance monitoring, risk based auditing എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.<br>8. ഓഡിറ്റ് ടീമിനും ഓഡിറ്റ് ഓഫീസുകൾക്കും ആവശ്യമായ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ